LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് വിഭജനം

113 (2126) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കുകൾ ഭരണസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം താലൂക്കുകളാണ് അപ്രകാരം വിഭജിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭരണസൗകര്യമനുസരിച്ച് താലൂക്കുകൾ വിഭജിക്കുന്നതിലേക്ക് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) അപ്രകാരം സമർപ്പിച്ച ഏതെങ്കിലും റിപ്പോർട്ട് കൈവശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) താലൂക്ക് വില്ലേജ് പുനഃസംഘടന സംബന്ധിച്ച് 2007-ൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റും, സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി ഒരു കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

പുതിയ താലൂക്കുകളുടെ രൂപീകരണം

114 (2127) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം രൂപീകരിക്കുന്നതിനാണ് ശുപാർശയുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് താലൂക്ക് വിഭജനം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) താലൂക്ക് വില്ലേജ് പുനഃസംഘടന സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റും, സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി ഒരു കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. ഇത് പരിഗണിച്ചുവരുന്നു.

(സി&ഡി) ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും